64th Kerala School Kalolsavam, January 14 to 18, 2026, Thrissur

Item Code: 956 Participant Code: 028

# ഒരു മനുഷ്യനാകാൻ

ഇന്നു ഞാൻ ഞാനെന്ന യാഥാർത്ഥ്യമറിയുകിൽ
ഞാനെന്നെത്തന്നെ വിസ്മരിച്ചു
കുലീനമാം എന്നുടെ ചെയ്തികളോയിന്ന്
മേച്ചുത്തതിങ്ങിടും കളിയിടങ്ങൾ
ആഡംബരത്തിന്റെ മൂർദ്ധാവിലെത്തി ഞാൻ
ആവതില്ലേ എനിക്കാവതില്ലേ
അമ്മതൻ മാറിലെ ചൂടേറ്റ് ചുരത്ത്
ഞാനാക്കഴിച്ചോരാ നല്ലകാലം
മുറ്റത്തൊരറ്റത്ത് പൂത്തുലഞ്ഞാടുന്ന
കൊച്ചു കിളിച്ചുണ്ടൻ കണ്ണിമാങ്ങ
അങ്കണത്തങ്ങനെ ഓടി നടന്നിടും
കൊച്ചു പൈ എന്നുടെ ഓമനയേ
വെള്ളിയരിഞ്ഞാണം പോലതാ
ഒഴുകുന്ന ഏറ്റം മനോഹരി കൊച്ചുപുഴ
സമ്പന്നതേറ്റം കുറഞ്ഞിരുന്നെങ്കിലും
ആനന്ദ ശാന്തിയിൽ മുന്നിലെന്നും
അന്നത്തെ ആ കൊച്ചു ബാലനിന്നെവിടെയെന്നെ-
ന്നോടു തന്നെ ഞാൻ ചോദിക്കുന്നു :

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

സമ്പത്തിനതിമോഹത്താലെ ഞാനിന്നിതാ
തിരക്കേറും നഗരത്തിൻ സന്തതിയായ്
യന്ത്രമായി മാറി ഞാൻ ഇന്നിതാ ഇങ്ങനെ
ചക്രവ്യൂഹത്തിലുഴലുന്നിതാ
സർവ്വവും മിഥ്യമായ് മാത്രമേ തോന്നിയു-
ള്ളി നഗരത്തിലെ ആദ്യ നാൾകൾ
പിന്നയോ എന്നിലെ നിർമ്മല ഛായയ-
തെന്നെ വിട്ടു പടിയിറങ്ങി
പിന്നീടു ഞാൻ ചെയ്ത കർമ്മങ്ങളൊക്കെയും
കേവലം എന്നുടെ കാരണങ്ങൾ
എന്നാനന്ദ കാരണങ്ങൾ
കുടുംബമേ ലഹരിയെന്നുള്ളോരാ ബോധ്യമേ
ഏതോ നിമിഷം ഞാൻ വിസ്മരിച്ചു
ഉറ്റപാതിയെ മക്കളെ , കൂടപ്പിറപ്പിനെ
വേദന ചൂളയിൽ നീറ്റി ഞാനെ
ഇപ്രകാരമൊന്നുമായിരുന്നില്ല ഞാൻ
പിന്നെന്തേ ഇങ്ങനെ എന്നു ചോദ്യം
പുല്ലും , പൂവും ,. കൊച്ചുപൂമ്പാറ്റയും
സ്വന്തമായ് കണ്ടോരാ കാലമെല്ലാം
വീണ്ടും ലഭിക്കുമോ എന്നെനിക്കറിയില്ല
താതനാം സ്രഷ്ടാവേ കരുണതോന്നൂ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

കടലിലൂടൊഴുകുന്ന വഞ്ചിയാം ജീവിതം
പ്രവർത്തിയാലിന്നു തകർന്നുപോയി
ഇനിയൊരു ജീവിതം നൽകുമോ താതാ
എനിക്കെന്റെ തെറ്റുകൾ തിരുത്തുവാനായി
ഉൽക്കപോൽ എന്നുടെ നെഞ്ചിതാ ഉരുകുന്നു
ദു:ഖനെരിപ്പോടിൽ വെന്തിടുന്നു.
സമയമായ് ഞാനിന്ന് ഈ മ്ലേച്ഛവസ്തുവി
നായ മണ്ണിലേയ്ക്കലിഞ്ഞു ചേരാൻ
അറിയില്ല ആറടി മണ്ണെന്റെ സ്വന്തമോ, ഈ നായ
മണ്ണെന്നെ സ്വീകരിക്കോ ?
ഒരു കൊച്ചു പുവതി ആറടി വിനയായ്
മൊട്ടിട്ടാലതൻ ജന്മപുണ്യം
ചുറ്റുമേ ആളുകൾ തിങ്ങി വരുന്നിതാ
വദനത്തിൽ ശാന്തിതൻ പ്രഭ കാൺപൂ ഞാൻ
ഞാനെന്ന ശാപം ആ മനുഷ്യർക്കിടയിൽ
നിന്നകന്നു എന്നതിൻ ശാന്തിയാകാം
ജീവിത പുസ്തകത്താളിലെന്നെന്നുടെ
നാമമതില്ലെന്നു തീർച്ചയാണേ...
'ഇനിയൊരു ജീവിതം നൽകിടൂ നീ താതാ
എനിക്കൊരു നല്ല മനുഷ്യനാകാൻ'
നല്ല മനുഷ്യനാകാൻ

എൻ മാതാപിതാക്കൾക്കനുഗ്രഹമാകാൻ
എന്നിണക്കൊരു പാതിയാകാൻ
എന്നോമന മക്കൾക്കു നല്ലൊരച്ഛനാകാൻ
കൂടപ്പിറപ്പിനോരേട്ടനാകാൻ
എനിക്കു നല്ലൊരു മനുഷ്യനാകാൻ
ഒരവസരം നൽകണേ സർവ്വശക്താ ....

*

വിഷയം: എനിക്കു ഞാൻ അപരിചിതൻ